# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 753 — 05.06.2018-ൽ മറുപടിക്ക്

## മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ ഭരണസമിതി നടത്തിയ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സഹകരണസംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്; | (എ) | ഉണ്ട്. ഒരു പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള സാമ്പത്തിക തിരിമറിയിൽ വ്യാജരേഖകൾ ചമച്ച് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എത്ര കോടി രൂപയാണ് വായ്പ എടുത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യാജരേഖകൾ ചമച്ച് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടിൽ സഹകരണ രജിസ്ട്രാറിന്റെ (A R,നെയ്യാറ്റിൻകര) അന്വേഷണത്തിൽ ഏതൊക്കെ തരത്തിൽ ഉള്ള അഴിമതികളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കാമോ; | (സി) | ബാങ്കിന്റെ ബൈലോ വ്യവസ്ഥയ്ക്കും, സഹകരണനിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ എന്നിവയ്ക്ക് വിരുദ്ധമായി അനുമതി ഇല്ലാതെ വിവിധ സംരംഭങ്ങൾ ആരംഭിച്ച് പൊതു ഫണ്ട് ദുർവിനിയോഗം ചെയ്യുകയും, അംഗീകാരമില്ലാതെ പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിച്ച് നിയമാവലി വ്യവസ്ഥയില്ലാതെ നിക്ഷേപങ്ങൾക്ക് വായ്പ അനുവദിച്ചും, നിക്ഷേപവും വായ്പയും പെരുപ്പിച്ച് കാണിച്ചും, സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നബാർഡിൽ നിന്നും ധനസഹായം സ്വീകരിച്ചും, ഉയർന്ന നിരക്കിൽ പലിശ നൽകിയും, നിയമവിരുദ്ധമായി നിയമനം, ജീവനക്കാർക്ക് സ്ഥാനക്കയറ്റം എന്നിവ നൽകിയും, ബാങ്കിൽ മതിയായ തരളധനം സൂക്ഷിക്കാതെയും, അനുമതിയില്ലാതെ സംരംഭങ്ങൾ ആരംഭിച്ച് പൊതുഫണ്ട് ദുരുപയോഗം ചെയ്തും, അനുമതിയില്ലാതെ വാഹനവും, വസ്തുക്കളും വാങ്ങിയും സഹകരണ നിയമം ചട്ടം എന്നിവയ്ക്ക് വിരുദ്ധമായും ബാങ്ക് ഭരണസമിതി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന സ്ഥാപനങ്ങൾ | (ഡി) | 1.ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി<br>2.മാർക്കറ്റിംഗ് ശാഖ |

| | | | |
|---|---|---|---|
| | ഏതൊക്കെയാണ് ; ഇതിൽ സഹകരണ വകുപ്പ് എത്ര സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ഈ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കാൻ സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിക്കാനാണ് അംഗീകാരം നൽകിയതെന്നും ഏതുവർഷത്തിൽ ആണെന്നും വ്യക്തമാക്കാമോ; | | 3.തത്തിയൂർ-കോട്ടയ്ക്കൽ, മാരായമുട്ടം നീതി മെഡിക്കൽ സ്റ്റോർ<br>4.തത്തിയൂർ, തൃപ്പലവൂർ, കാക്കണം, അരുവിപ്പുറം, നീതി സ്റ്റോറുകൾ - 5 എണ്ണം<br>5. വളം ഡിപ്പോ - 5 എണ്ണം<br>6.റബ്ബർ ഡിപ്പോ - 4 എണ്ണം<br>7. ടെക്സ്റ്റയിൽസ്, മാരായമുട്ടം<br>8. പെട്രോൾ പമ്പ്.<br>9. ക്ലിനിക്കൽ ലാബ്.<br>10. മിൽമ സ്റ്റോർ<br>11.മെറ്റീരിയൽ ഡിപ്പോ - പെയിന്റ് ഹൗസ് & സാനിറ്ററി വെയേഴ്സ്, ഇലക്ട്രിക്കൽ ഗുഡ്സ് സ്റ്റോർ.<br><br>ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, മാർക്കറ്റിംഗ് ശാഖ, തത്തിയൂർ-കോട്ടയ്ക്കൽ നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് അംഗീകാരം/അനുമതി നൽകിയിട്ടില്ല.<br><br>ക്ലാസ്സ് II ക്ലാസിഫിക്കേഷൻ പ്രകാരം ബാങ്കിന് 01/12/2014 ലെ സി.ആർ.പി.(1) 9079/14/കെ.ഡിസ്. ഉത്തരവ് പ്രകാരം ആകെ 31 തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 16 എണ്ണം സെയിൽസ്മാൻ തസ്തികയാണ്. |
| (ഇ) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചവർക്ക് യഥാസമയം നിക്ഷേപം മടക്കി നൽകുന്നില്ലയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | ക്രമക്കേട് കണ്ടെത്തിയ മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയ്ക്കെതിരെ സഹകരണ വകുപ്പ് നടപടി സ്വീകരിക്കുവാൻ വൈകുന്ന കാരണം വ്യക്തമാക്കാമോ; | (എഫ്) | സംഘത്തിൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് യഥാസമയം നിക്ഷേപം മടക്കി നൽകാൻ സഹകരണ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ജി) | ടി വിഷയത്തിൽ പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ